# അക്കാദമിക മാസ്റ്റർ പ്ലാൻ

ഗവ: എൽ. പി. സ്കൂൾ
മോനിപ്പള്ളി

2025-2026

# പൊതുവിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് : ഗവ. എൽ.പി. സ്കൂൾ മോനിപ്പള്ളി

ഉപജില്ല : രാമപുരം

ജില്ല : കോട്ടയം

സ്ഥാപിതമായ വർഷം : 1896

വാർഡ് നമ്പർ : XIII

പഞ്ചായത്ത് : ഉഴവൂർ

താലൂക്ക് : മീനച്ചിൽ

ബി.ആർ.സി : ഉഴവൂർ

പ്രധാനാധ്യാപികയുടെ പേര് : K.R. ശോഭന

ഫോൺ നമ്പർ : 7012149207

ഇ മെയിൽ വിലാസം : glpsmonippally@gmail.com

ആമുഖം

മൊന്നിപ്പള്ളി ഗ്രാമത്തിൽ ആദ്യമായി ആരംഭിച്ച സരസ്വതി ക്ഷേത്രമാണ് മൊന്നിപ്പള്ളി ഗവ.എൽ.പി. സ്കൂൾ. 1896 ൽ ചോതിരക്കോട് കുടുംബത്തിന്റെ തെക്കിനിയിൽ ആണ് ഈ സ്കൂൾ ആരംഭിച്ചത്. അതിനു ശേഷം മൊന്നിപ്പള്ളി തിരുഹൃദയ ദേവാലയം വക കെട്ടിടത്തിലും പ്രവർത്തിച്ചിട്ടുണ്ട്. 1996 ൽ സ്കൂളിന്റെ ശതാബ്ദി ഒരു വർഷം നീണ്ടു നിന്ന പരിപാടികളോടെ ആഘോഷിക്കുകയുണ്ടായി.

ഈ നാട്ടിലെ പതിനായിരങ്ങൾക്ക് അദ്യാക്ഷരങ്ങൾ പകർന്നു കൊടുക്കുന്ന ഈ വിദ്യാലയത്തിലെ പൂർവ വിദ്യാർഥികളിൽ കേരള മുൻ മുഖ്യമന്ത്രി ശ്രീ P.K. വാസുദേവൻ നായർ, പ്രശസ്ത കവി ശ്രീ അരഞ്ഞാണി മോൺ സ്റ്റീഫൻ ഊരാളിൽ, പ്രൊഫ. സ്റ്റീഫൻ നിരവത്ത്, അഡ്വ A. പത്രോസ്, അമ്പലത്തുങ്കൽ ഇട്ടിസാർ എന്നീ പ്രശസ്തർ ഉൾപ്പെടുന്നു. തിരുവല്ലക്കാരനായ ശ്രീ. വേലുപ്പിള്ള സാർ ആണ് ആദ്യ ഹെഡ്മാസ്റ്റർ. മുൻ മുഖ്യമന്ത്രി ശ്രീ. P.K. വാസുദേവൻ നായരുടെ അച്ഛൻ ശ്രീ കേശവപിള്ള പ്രശസ്ത സാഹിത്യകാരൻ ശ്രീ പൊൻകുന്നം വർക്കി എന്നിവർ ഈ സ്കൂളിൽ അധ്യാപകരായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

കോട്ടയം ജില്ലയിൽ ഉഴവൂർ ഗ്രാമ-
പഞ്ചായത്തിലെ 13-ാം വാർഡിൽ M.C. റോഡിനു സമീപം മോനിപ്പള്ളി തിരുഹൃദയ ദേവാലയത്തിനു സമീപത്തായി സ്ഥിതി ചെയ്യുന്ന ഈ സ്കൂളിൽ 4 അധ്യാപകരും ഒരു PTCM ഉം പ്രീ പ്രൈമറി വിഭാഗത്തിൽ ഒരു ആയയും ഒരു ടീച്ചറും ഉൾപ്പെടെ 7 പേർ ഇവിടെ ജോലി ചെയ്യുന്നു. കൂടാതെ ഉച്ചഭക്ഷണം പാകം ചെയ്യാൻ ഒരു ജീവനക്കാരിയും ഉണ്ട്. PTA, MPTA, SSG, SMC ഇവ ഇവിടെ സജീവമായി പ്രവർത്തിച്ചു വരുന്നു.

ഈ സ്കൂളിൽ പഠിക്കുന്ന കുട്ടികളിൽ ഭൂരിഭാഗവും നിർധന കുടുംബത്തിൽ നിന്നുള്ളവരാണ്. ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ കടന്നു വരവ് ഈ സ്കൂളിലെ കുട്ടികളുടെ എണ്ണത്തിൽ വൻ കുറവ് വരുത്തിയിട്ടുണ്ട്. രക്ഷിതാക്കളെ ഗവൺമെന്റ് സ്കൂളിലേക്ക് ആകർഷിക്കാനായി ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് കൂടുതൽ പ്രാധാന്യം നൽകുകയും വാഹന-സൗകര്യം ഏർപ്പെടുത്തുകയും ചെയ്തു. ഇതോടൊപ്പം വിദ്യാർത്ഥി സംഗമം, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം തുടങ്ങിയവയുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ സുഗമമായി നടന്നു വരുന്നു.

LSS പരീക്ഷകളിൽ കുട്ടികളെ പങ്കെടുപ്പിക്കുകയും മികച്ച പരിശീലനം നൽകി വരികയും

ചെയ്യുന്നു. പൊതുവിജ്ഞാന മേഖലയിൽ കുട്ടികൾക്കായി പ്രത്യേക പരിശീലനം നൽകി വരുന്നു. കലാ - കായിക - പ്രവൃത്തി പരിചയ മേഖലകളിലെ കുട്ടികളുടെ അഭിരുചികൾ കണ്ടെത്തി മേളകളിൽ പങ്കെടുപ്പിച്ചു വരുന്നു. പങ്കെടുന്ന കുട്ടികളുടെ വിജയവും കുട്ടികൾ നേടുന്ന മികച്ച ഗ്രേഡുകളും അഭിമാനപൂർവ്വം രേഖപ്പെടുത്താവുന്നതാണ്.

2025-26 അധ്യയന വർഷത്തിലെ ഈ സ്കൂളിന്റെ മികച്ച നേട്ടമായി പറയാവുന്നത് അന്താരാഷ്ട്ര നിലവാരത്തിലുള്ള പ്രീ പ്രൈമറിയാണ്. ഗവൺമെന്റിന്റെ STARS പദ്ധതിയിൽ ഉൾപ്പെടുത്തി ഈ സ്കൂളിന്റെ പ്രീ-പ്രൈമറി അന്താരാഷ്ട്ര നിലവാരത്തിലെത്തിച്ചിരിക്കുന്നു. പൊതു-വിദ്യാഭ്യാസരംഗത്ത് 128 വർഷം പിന്നിടുന്ന ഈ സ്കൂളിന് പൊൻതൂവലായി വർണ്ണ കൂടാരം - മാതൃകാ പ്രീ പ്രൈമറി സ്കൂൾ 2023 ഡിസംബർ 22 ന് യാഥാർത്ഥ്യമായി. കുരുന്നുകൾക്ക് മികച്ച വിജ്ഞാനത്തിനിക്കും ഒരുക്കുന്ന തരത്തിൽ 13 പ്രവർത്തന ഇടങ്ങളും മികച്ച കളിയിടങ്ങളും ഉൾപ്പെടുന്ന പ്രീപ്രൈമറി വിദ്യാലയം ഗവ. എൽ.പി. സ്കൂൾ മോനിപ്പള്ളിയുടെ വികസന ചരിത്രത്തിലെ നാഴികക്കല്ലാകും എന്ന് നിസ്സംശയം പറയാം.

ഈ വിദ്യാലയത്തിന് ആകെ 34 സെന്റ് സ്ഥലമാണ് ഉള്ളത്. 126 വർഷം പഴക്കമുള്ള കെട്ടിടമാണ് ഉള്ളത്. ആകെ 5 ക്ലാസ് മുറികളും ഒരു ഓഫീസ് റൂമും ആണുള്ളത്.

ശുചിമുറി

കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ശുചിമുറികൾ ഉണ്ട്.

ജലലഭ്യത

കുട്ടികളുടെ കുടിവെള്ളത്തിനായി സുരക്ഷിതമായ ജലമുള്ള കിണർ ഉണ്ട്. നിശ്ചിത ഇടവേളകളിൽ ക്ലോറിനേഷൻ നടത്തി വരുന്നു. കിണർ, വാട്ടർടാങ്ക് എന്നിവ വൃത്തിയാക്കുന്നുണ്ട്.

വൈദ്യുതീകരണം

എല്ലാ ക്ലാസ്മുറികളിലും വൈദ്യുതി ഉണ്ട്. ലൈറ്റ്, ഫാൻ എന്നിവ ഉണ്ട്.

ഉച്ചഭക്ഷണം, പ്രഭാതഭക്ഷണം

ഉച്ചഭക്ഷണം വിദ്യാലയത്തിൽ തന്നെ തയാറാക്കി നൽകുന്നു. വൈവിധ്യമാർന്ന ഭക്ഷണങ്ങൾ നൽകി വരുന്നു. കഴിഞ്ഞ അധ്യയനവർഷം മുതൽ പ്രഭാതഭക്ഷണം നൽകി വരുന്നു. പഞ്ചായത്തിൽ നിന്ന് ഫണ്ട് ലഭിക്കുകയാണെങ്കിൽ പ്രഭാതഭക്ഷണപദ്ധതി തുടർന്നു നടപ്പാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## പൊതുലക്ഷ്യങ്ങൾ

- കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കി കൊടുക്കുക.
- ICT അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.
- മുഴുവൻ ക്ലാസ്സുകളിലും ICT സാധ്യത ഉറപ്പുവരുത്തുക
- വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷം മാറ്റുക.
- പുതിയ തലമുറയിൽ കൃഷിയോടുള്ള താൽപര്യം വളർത്തുക.
- സമൂഹവുമായി വിദ്യാലയത്തെ ബന്ധപ്പെടുത്തുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തുക
- ഓരോ ക്ലാസ്സിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും ഓരോ കുട്ടിക്കും ലഭ്യമായെന്ന് ഉറപ്പുവരുത്തുക.
- ലഹരി വസ്തുക്കളുടെ ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങളെ കുറിച്ച് കുട്ടികളെ ബോധവാൻമാരാക്കുക.
- പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക
- ജൈവവൈവിധ്യ ഉദ്യാനം പരിപാലിക്കുക.
- പ്രാദേശികമായി ലഭ്യമായ വിഭവങ്ങളെ പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുക.

* കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടത്തുക.
* പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകി അവരെ മുഖ്യധാരയിലെത്തിക്കുക.
* അമ്മ വായന പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
* വിദ്യാർത്ഥികൾക്ക് ക്ലാസ്മുറിയിലെ പഠന പ്രവർത്തനങ്ങൾക്ക് പുറമെ കലാ കായിക പ്രവൃത്തിപരിചയ പഠന പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുക.

# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

| | |
|---|---|
| * സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പ്രചരണ പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂളിനു വേണ്ടി സോഷ്യൽ മീഡിയ പ്രവർത്തനം കാര്യക്ഷമമാക്കുന്നു.<br>* | * കുട്ടികളുടെ മികവുകൾ സ്കൂളിന്റെ മികവുകൾ എന്നിവ സോഷ്യൽമീഡിയ വഴി, രക്ഷിതാക്കൾക്കും, സമൂഹത്തിനും പങ്കുവയ്ക്കുന്നു.<br>* കുട്ടികളുടെ പഠനവിലയിരുത്തൽ, സ്കൂളിന്റെ, ബ്ലോഗ്, സ്കൂൾ വിക്കി, എന്നിവ വഴി രക്ഷിതാക്കൾക്കു സമൂഹത്തിനും വ്യക്തമാക്കുന്നു. |
| * തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നു. | * ബോധവൽക്കരണ ക്ലാസുകൾ ഗുളിക വിതരണം, ആരോഗ്യക്ലാസ്സ്, ശുചിത്വ വൽക്കരണ ക്ലാസ്സ് എന്നിവ നടത്തുന്നു. |
| * മൂല്യനിർണയ രീതികളും കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വിവിധ രീതിയിലുള്ള മൂല്യനിർണയ രീതികൾ സ്വീകരിക്കുന്നു. | * ഓപ്പൺബുക്ക് പരീക്ഷ, ഓൺലൈൻ പരീക്ഷ, എന്നിവ പ്രയോഗിക്കുന്നു. |
| * ഗുണമേന്മ വിദ്യാഭ്യാസത്തിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. | * പഠനോത്സവത്തിൽ കുട്ടികളുടെ കഴിവുകൾ പ്രദർശിപ്പിക്കുന്നതിലൂടെ അക്കാദമിക പ്രവർത്തനങ്ങളെ കുറിച്ച് രക്ഷിതാക്കളെയും സമൂഹത്തെയും വ്യക്തമാക്കുന്നു. |

## നേരിടുന്ന വെല്ലുവിളികൾ

* കൊറോണയിൽ വിപുലമായ സാമ്പത്തികവും മാനസികവും ഉള്ള കലാകാരന്മാരുടെ ചുറ്റുപാടുകൾ ഇന്നത്തെ പ്രതിസന്ധിയിലാക്കിയിരിക്കുന്നു.

* കലാ - കായിക പ്രവർത്തനങ്ങൾക്കാവശ്യമായ ആനുകൂല്യം നൽകാൻ വിദ്യാർഥികളുടെ അദ്ധ്യാപകരും രക്ഷിതാക്കൾക്കും കഴിയുന്നില്ല.

* കലാ - സാംസ്കാരിക പ്രവർത്തനങ്ങൾ സംബന്ധിച്ച് ശരിയായ കാഴ്ചപ്പാട് രക്ഷിതാക്കളിലും കുട്ടികളിലും വികസിക്കുന്നില്ല.

* കലാ - കായിക - പ്രവൃത്തി പരിചയ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നതിനും സഹായിക്കുന്നതിനും സമൂഹത്തിലെ വ്യക്തികളുടെ സഹായം പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

# വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം

## മലയാളം

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| ഭാഷാപരമായ പിന്നാക്കാവസ്ഥ | പ്രീടെസ്റ്റ്<br>അക്ഷരം, ചിഹ്നം ഉറപ്പിക്കാൻ<br>അക്ഷരക്കാർഡ് നൽകാൻ<br>വാക്യനിർമ്മാണം<br>ചിത്രം- അടിക്കുറിപ്പെഴുതുക<br>ബാക്കി എഴുതുക<br>ഒഴിവു ദിവസങ്ങളിൽ രക്ഷിതാക്കളെയും, കുട്ടികളെയും പങ്കെടുപ്പിച്ച്, കൈത്താങ്ങ് ക്ലാസുകൾ സംഘടിപ്പിക്കൽ | ജൂൺ തൊട്ട് | | BRC<br>PTA<br>Tr |
| കുട്ടികളിലെ വായനാശീലം കുറയുന്നതായി കാണപ്പെടുന്നു | ക്ലാസ് വായനാകൂട്ടം രൂപീകരിക്കൽ<br>വായനാമൂല, ക്ലാസ്സ്റൂം ലൈബ്രറി<br>അസംബ്ലി – പത്ര വായന<br>പിറന്നാളിന് ഒരു പുസ്തകം<br>ക്ലാസ്സ് ലൈബ്രറി<br>വായനാനുഭവം പങ്കുവയ്ക്കൽ | ജൂലൈ – ഡിസംബർ<br>ജൂലൈ – | | Tr |

# ഗണിതം

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഉത്തരവാദി |
|---|---|---|---|---|
| മികച്ച ഗണിത ഗ്രന്ഥങ്ങളുടെ അഭാവം | . ഗണിത പുസ്തകങ്ങൾ ശേഖരിക്കൽ<br>. ക്ലാസ്സ് ഗണിത ലൈബ്രറി | June Feb | 10,000 | PTA Trs |
| ഗണിത പഠനം രസകരവും ആകർഷകവും ആക്കേണ്ടതുണ്ട് | . ഗണിത ബുള്ളറ്റിൻ ബോർഡ്<br>. മികച്ച ഗണിത ലൈബ്രറി | June Dec | 5000 | PTA Trs |
| ഗണിതത്തിലെ മുഴുവൻ ശേഷിയും നേടാൻ പല കുട്ടികൾക്കും കഴിയുന്നില്ല | . Maths Work Sheet<br>. ഗണിത കിറ്റ്<br>. മുന്നേറ്റം ക്ലാസ്സുകൾ<br>. പഠനോപകരണ നിർമ്മാണം | July Oct | 5000 | Tr SRG PTA |
| ഗണിത സാഹിത്യ സൃഷ്ടികൾ പരിചയപ്പെടാനുള്ള അവസരം | . ഗണിത മാഗസിൻ<br>. ഗണിത ശാസ്ത്ര മേള<br>. ഗണിത ചുമർ പത്രിക. | Aug Oct | 5000 | Maths club SRG |

English

| Problems | Activities | Duration | Finance | Duty |
|---|---|---|---|---|
| · Defective Pronounciation | · Audio Video Clippings on Correct pronounciation<br>· Language lab<br>· ICT<br>· Readers Theatre | June Feb | 5000 | Tr |
| Lack of Communication Skill | · Dramatisation of Stories<br>· Conducting English Fest<br>· English Club<br>· English Assembly<br>· English Chatting | June Feb | 5000 | Tr PTA BRC |
| Insufficient Vocabulary | · Word Games<br>· Spelling Contests<br>· Making Cross word Puzzles<br>· Dictionary Making | June Sep | 3500 | Tr PTA |
| Insufficient Reading | · Pre test<br>· Reading Cards.<br>· Short Story Reading<br>· Ecube<br>· Language lab | June Feb | 3000 | Tr PTA |

# പരിസരപഠനം

| പ്രശ്നം | നേരിടുന്ന വെല്ലുവിളികൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ശാസ്ത്രത്തിൽ പ്രക്രിയ ശേഷികളിൽ മുഴുവൻ കുട്ടികളും നിശ്ചിത നിലവാരത്തിൽ എത്തിക്കൽ | . സ്കൂൾ ലാബ് ശാക്തീകരണം<br>. വിഭവ ശേഖരണം<br>. എല്ലാ ക്ലാസുകളിലും ശാസ്ത്രമൂല<br>. ലഘു ശാസ്ത്ര പരീക്ഷണങ്ങൾ<br>. ശാസ്ത്ര കിറ്റ് | June Feb | 10000 | BRC<br>PTA<br>Tr<br>Tr<br>PTA |
| കുട്ടികളിലെ ശാസ്ത്രീയ മനോഭാവം കുറയുന്നു | . ഫീൽഡ് ട്രിപ്പുകൾ<br>. പക്ഷി നിരീക്ഷണം<br>. സസ്യ പരിപാലനം, നിരീക്ഷണം<br>. ലഘു പരീക്ഷണങ്ങൾ | June Dec | 5000 | Tr |
| സ്കൂളിലെ ശാസ്ത്ര പഠനാന്തരീക്ഷം മെച്ചപ്പെടുത്തൽ | . ചുവർ ചിത്രങ്ങൾ<br>. ശാസ്ത്ര മാസികകൾ<br>. ശാസ്ത്രമൂല<br>. കൈയെഴുത്തുമാസിക | June Jan | 5000 | Tr |

# പ്രവൃത്തി പരിചയം

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഉത്തരവാദി |
|---|---|---|---|---|
| കുട്ടികൾക്ക് പരിശീലനത്തിന്റെ അഭാവം | • പരിശീലനത്തിനാവശ്യമായ അധ്യാപകർ<br>• പ്രാദേശികമായി ലഭ്യമായ കലാകാരന്മാരെ കണ്ടെത്തി പരിശീലന പരിപാടി<br>• അവരുടെ റിസോഴ്സ് ഗ്രൂപ്പ് രൂപീകരണം<br>• അവരുടെ സേവനം ലഭ്യമാക്കൽ | July Oct | 3000/- | PTA Tr. |
| കലാകായികപ്രവർത്തനങ്ങളിൽ കുട്ടികളുടെ അഭിരുചി തിരിച്ചറിയാൻ കഴിയുന്നില്ല | • തുടർച്ചയായ പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ<br>• കലാപരിപാടികൾ സംഘടിപ്പിക്കൽ | July Oct | 2000/- | PTA Tr. BRC |
| അസംസ്കൃത വസ്തുക്കളുടെ അഭാവം | • പ്രാദേശിക വിഭവ ശേഖരണം<br>• പ്രവൃത്തി പരിചയ ലാബ്<br>• നിർമാണ കളരികൾ | July NOV. | 5000/- | Tr. |

# കലാപഠനം

| പ്രശ്നങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| കലാപഠനത്തിന് വേണ്ടത്ര സമയം ലഭിക്കുന്നില്ല | · ഒഴിവു ദിവസങ്ങളിൽ ക്യാമ്പുകൾ<br>· അവധിക്കാല പരിശീലനം | | | |
| പരിശീലനം ലഭിച്ച അധ്യാപകരുടെ അഭാവം | · ഈ മേഖലയിൽ പരിശീലനം ലഭിച്ച അധ്യാപകരെ കൊണ്ട് വന്ന് പരിശീലനം. | | | |
| വിവിധ കലാരൂപങ്ങളെക്കുറിച്ചുള്ള ധാരണക്കുറവ് | · വിവിധ കലാരൂപങ്ങളെ വേഷവിധാനങ്ങൾ ഉപകരണങ്ങൾ എന്നിവ പരിചയപ്പെടാനുള്ള അവസരം | | | |
| പ്രാദേശികമായ കലാകാരന്മാരുടെ സേവനം | · സ്കൂൾ കലാസംഘം രൂപീകരിക്കുക<br>· അവധിക്കാല ക്ലാസ്സുകൾ | | | |

# കലാ - കായിക - പ്രവൃത്തിപരിചയം

* എല്ലാ ക്ലാസ്സിലും പാഠഭാഗവുമായി ബന്ധപ്പെട്ട് കലപഠനം, കായികപഠനം പ്രവൃത്തിപരിചയ പഠനം, തുടങ്ങിയ വക്കുള്ള പഠന സാധ്യതകൾ കണ്ടെത്തുന്നു.
* പഠന പ്രവർത്തനങ്ങൾ തിരുവാനിക്കുന്നു
* ക്ലാസ്സ് പഠനവിഷയങ്ങളിൽ അവതരണം.
* മികച്ചവ തെരഞ്ഞെടുത്ത് പരിശീലനം
* കല - കായിക - പ്രവൃത്തി പരിചയ മേളകളിലെ പങ്കാളിത്തം.

രചനാ പരിചയക്കുറിപ്പ്

ഈ വർഷം നാലാം ക്ലാസ്സിലെ ഏറ്റവും പ്രധാന പ്രവർത്തനമാണ് രചനാപരിചയക്കുറിപ്പ്. കുട്ടികൾ വായിക്കുന്ന പുസ്തകങ്ങൾ തന്റെ കൂട്ടുകാരെ കൂടി വായിപ്പിക്കാൻ പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ തയ്യാറാക്കുന്ന കുറിപ്പാണ് രചനാപരിചയക്കുറിപ്പ്.

* പുസ്തകങ്ങൾ കണ്ടെത്താം
* PTA യിൽ അവതരണം
* രചനാപരിചയക്കുറിപ്പ് കുട്ടികളുടെ പരിചയപ്പെടുത്തൽ
* കുട്ടികൾ തയ്യാറാക്കിയ കുറിപ്പ് PTA, അസംബ്ലി എന്നീ വേദികളിൽ അവതരണം
* കുട്ടിവായന അമ്മവായനയിലേക്കും കുടുംബ വായനയിലേക്കും നയിക്കുക.
* പഠനോത്സവത്തിൽ രചനാപരിചയക്കുറിപ്പ് പ്രകാശനം